## മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

# വാർഷിക ബജറ്റ്

# 2026 - 27

**ധനകാര്യ സ്ഥിരം സമിതിയുടെ 23.02.2026 തീയതിയിലെ 1(1) - നമ്പർ തീരുമാന പ്രകാരവും ഭരണസമിതിയുടെ ........................ തീയതിയിലെ 1(1) - നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചത്**



# മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്
# ബജറ്റ് 2026-27



==============================================

പ്രിയമുള്ളവരെ,

മാരാരിക്കുളം വടക്ക് ഗ്രാമപ്പഞ്ചായത്തിന്റെ **2026-27** വർഷത്തെ ബജറ്റ് അവതരണത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നിരിക്കുന്ന ഏവർക്കും നമസ്കാരം. ഈ ഭരണ സമിതിയുടെ ആദ്യ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. നാം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തിലേക്ക് കടക്കുകയാണ്. നവകേരള സൃഷ്ടിയുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനം, അതിദാരിദ്ര്യ വിമുക്ത കേരളം, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നൂതന തൊഴിൽ സംരംഭങ്ങൾ ഇങ്ങനെ വികസനരംഗത്ത് ഒട്ടേറെ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് കേരളം മുന്നോട്ട് പോവുകയാണ്. അതിദാരിദ്ര്യ വിമുക്ത സംസ്ഥാനമായി നമ്മുടെ കേരളത്തെ പ്രഖ്യാപിച്ചു കഴിഞ്ഞു. ലഭ്യമാകുന്ന പരിമിതമായ വിഭവങ്ങളെക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമവും പഞ്ചായത്തിന്റെ പരമാവധി വികസനവും സാദ്ധ്യമാക്കുന്ന ഒരു സാമ്പത്തിക രൂപരേഖ അവതരിപ്പിക്കുകയാണ് ബജറ്റിലൂടെ ചെയ്യുന്നത്. വികസനരംഗത്ത് ഒട്ടേറെ ഗുണകരമായ മാറ്റങ്ങൾ നാം ലക്ഷ്യം വയ്ക്കുന്നുണ്ട്. പക്ഷെ ഈ രംഗങ്ങളിൽ എല്ലാം തന്നെ ഒട്ടേറെ വെല്ലുവിളികൾ ഉണ്ടെന്ന് കൂടി നാം മനസിലാക്കണം. ജീവിത ക്രമത്തിലുണ്ടാകുന്ന മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും ഈ വെല്ലുവിളികളെ കൂടുതൽ ഗൗരവമുള്ളതാക്കുന്നുണ്ട്. ശാസ്ത്രീയമായ കൃഷിരീതികൾ, കാലഘട്ടത്തിനനുയോജ്യമായ വിദ്യാഭ്യാസ രീതികൾ, പുതുതലമുറയുടെ മാനസിക-ശാരീരിക ആരോഗ്യ സംരക്ഷണം, കിടപ്പു രോഗികളുടെയും വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടേയും, മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും സംരക്ഷണം എന്നിവ ഉറപ്പാക്കണം.

അതുകൊണ്ട് തന്നെ നിലവിൽ നാം നേടിയ നേട്ടങ്ങളെ നിലനിർത്താനും, പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകാനുമുള്ള കരുതലാണ് നമുക്കുണ്ടാകേണ്ടത്. നിശ്ചയദാർഢ്യത്തോടെ ഒരുമിച്ചു നിന്നാൽ നമുക്ക് അതിന് കഴിയും.

നിർബന്ധിത പദ്ധതികൾ നിലനിർത്തിയും കാലഘട്ടത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചും നമ്മുടെ ഗ്രാമത്തിന്റെ സമ്പൽ സമൃദ്ധിയും ഐശ്വര്യവും നടപ്പാക്കേണ്ടതുണ്ട്. അതിനായുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് നാം പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും നിർവ്വഹണ പ്രവർത്തനങ്ങളും നടത്തിവരുന്നത്. ഏവരുടെയും സഹായവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവം.

Sarala

സി.കെ. സരള

പ്രസിഡന്റ്, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

## വികസന നയം

മാറി വരുന്ന ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് സമൂഹത്തെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം കൊടുക്കും. ഡിജിറ്റൽ സാക്ഷരതയിലൂടെ, ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടാകുന്ന മാറ്റങ്ങളെ മനസ്സിലാക്കുന്നതിനും, അവയുടെ നേട്ടങ്ങളെ പ്രയോജനപ്പെടുത്താനും ജനതയെ സജ്ജരാക്കും യുവതലമുറയുടെ ഊർജ്ജവും, അറിവും സമൂഹത്തിന്റെ ആരോഗ്യപരമായ വളർച്ചയ്ക്ക് സഹായകരമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകും. പിന്നോക്കം നിൽക്കുന്നവരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തികൊണ്ട് അവരേയും മുഖ്യധാരയിലെത്തിക്കാനുള്ള ശ്രമം ഉണ്ടാകും

## ലക്ഷ്യങ്ങൾ

- കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ ശാസ്ത്രീയമായ കൃഷിരീതികൾ നടപ്പിലാക്കുക.
- മാറിവരുന്ന കാഴ്ചപ്പാടുകൾക്കനുസൃതമായി പൊതുവിദ്യാലയങ്ങളെ മെച്ചപ്പെട്ടതാക്കുക.
- പിന്നാക്കം നിൽക്കുന്നവരെ ആവശ്യമായ സംരക്ഷണം കൊടുത്തുകൊണ്ട് മുൻനിരയിലെത്തിക്കുക
- പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുന്ന രീതിയിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക
- ഉത്തരവാദിത്വ ടൂറിസം പ്രമോഷനിലൂടെ തീരദേശത്ത് സ്ഥായിയായ വികസന മാതൃകകൾ ഉണ്ടാക്കൽ
- 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' സമൂഹത്തെ ബോധവൽക്കരിച്ചു കൊണ്ട് പഞ്ചായത്തിനെ മാലിന്യ വിമുക്ത പഞ്ചായത്താക്കി മാറ്റുക.
- സാമൂഹ്യവിരുദ്ധ പ്രവണതകളിൽ നിന്ന് യുവതലമുറയെ പിൻതിരിപ്പിക്കാൻ കഴിയുന്ന രീതിയിൽ അവരുടെ അദ്ധ്വാനവും അറിവും സമൂഹത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നരീതിയിലുള്ള ഇടങ്ങൾ കണ്ടെത്തുക
- വിജ്ഞാൻ ആലപ്പുഴയുടെ അവസരങ്ങൾ പ്രയോജനപ്പെടുത്തുക.



# മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്
# 2026-27 ബജറ്റ്

## ആമുഖം

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2026-27 ബജറ്റ് അവതരണ യോഗത്തിൽ പങ്കെടുക്കുന്ന എല്ലാ ബഹുമാന്യ ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും, മറ്റ് ക്ഷണിതാക്കൾക്കും നമസ്കാരം.

ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. എന്നാൽ ഈ ഭരണസമിതിയുടെ ആദ്യ ബജറ്റ് എന്ന പ്രത്യേകത മാത്രമല്ല 2026-27 വർഷത്തെ ഈ ബജറ്റിനുള്ളത്. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും ഏകീകരിച്ച്, ഒരൊറ്റ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനായി വിന്യസിച്ച കെ സ്മാർട്ട് ആപ്ലിക്കേഷനിലുടെ തയ്യാറാക്കുന്ന ആദ്യത്തെ ബജറ്റും കൂടിയാണിത്.

ഇന്ത്യൻ ഭരണഘടനയുടെ 202ാം അനുച്ഛേദമനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ വരവ് - ചെലവ് സംബന്ധിച്ച സാമ്പത്തിക രൂപരേഖ ഓരോ വർഷവും സഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച് പാസാക്കേണ്ടതുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം അദ്ധ്യായം 19ൽ 214 –ാം വകുപ്പ് ബജറ്റിനെപ്പറ്റി വ്യക്തമായി നിർവചിച്ചിരിക്കുന്നു.

ബജറ്റ് കേവലം വരവ് - ചെലവ് കണക്ക് മാത്രമല്ല - മറിച്ച് സാമ്പത്തിക, സാമൂഹ്യ മണ്ഡലങ്ങളിൽ പരിവർത്തനം നടത്തുന്ന ശക്തമായ സാമ്പത്തിക ഉപകരണം കൂടിയാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി 2026-27 വർഷത്തേക്കുള്ള ബജറ്റ് മഹനീയമായ ഈ സഭയ്ക്ക് മുമ്പാകെ ഞാൻ സന്തോഷപൂർവ്വം അവതരിപ്പിക്കട്ടെ.

## പഞ്ചായത്ത്

ഗ്രാമമുഖ്യൻമാരുടെ സഭ - പൗര പ്രധാനികളായ 5 പേർ കൂടിയാണ് കാര്യങ്ങൾ ചർച്ച ചെയ്തിരുന്നത് - പഞ്ചായത്തിന്റെ ആദികാല രൂപം അതായിരുന്നു. നിലവിൽ അധികാരം ജനങ്ങളിലേക്ക് കൈമാറുന്ന അവസ്ഥയിൽ എത്തി. അതിനായി ഉണ്ടാക്കിയ പഞ്ചായത്ത് രാജ് നിയമവും അതിന്റെ പ്രയോഗവും അതിൽ കേരളം കൈവരിച്ച നേട്ടവും അസൂയാവഹം തന്നെയാണ്. നമ്മുടെ ഗ്രാമത്തിന്റെ വളർച്ച നല്ല രൂപത്തിൽ ഉയർത്തി ക്കൊണ്ടു വരുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇനിയും നാം ബഹുദൂരം നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നേറേണ്ടതുണ്ട്.

നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവുമുണ്ടെങ്കിൽ മാത്രമേ വിജയം സുനിശ്ചിതമാകൂ. അതിനായി ദീർഘ വീക്ഷണത്തോടെ, ആധുനിക കാലഘട്ടത്തിന്റെ നന്മകളെ ചേർത്തുവെച്ചും തിന്മകളെ പ്രതിരോധിച്ചും മാത്രമേ നമുക്ക് മുന്നേറാൻ കഴിയൂ. ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകതക്കനുസരിച്ച് വൈവിദ്ധ്യങ്ങളായ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയണം. നമ്മുടെ ഗ്രാമത്തിന്റെ വർത്തമാനകാല വളർച്ചയും ഭാവിയുടെ ശോഭനമായ പ്രതീക്ഷയും നമ്മുടെ ബജറ്റിലൂടെ ഗ്രാമജനതയുടെ മുന്നിൽ സമർപ്പിക്കാം

നമ്മൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വാർഷിക പദ്ധതിയിലേക്ക് കടക്കുകയാണ്. വിവിധ മേഖലകളുടെ സമഗ്ര വികസനവും സാമൂഹ്യക്ഷേമവും സുരക്ഷിതത്വവും ലക്ഷ്യമിട്ടുകൊണ്ടുള്ള ബജറ്റാണ് **2026-27** വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്തിന് ലഭ്യമായ വിഭവങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് ബഹുമാന്യയായ പ്രസിഡന്റ് ആമുഖ പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും വായ്പകളും തനത് വരുമാനവും കൂടിച്ചേർന്നതാണ് നമ്മുടെ വിഭവ സ്രോതസ്സ്. ബജറ്റിന്റെ വിഭവ സ്രോതസ്സുകളുടെയും ചെലവുകളുടെയും സംക്ഷിപ്തം ബജറ്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

മുൻകാല ബജറ്റുകളുടെ തുടർച്ചയായി ഏറ്റെടുത്ത പദ്ധതികളുടെ പൂർത്തീകരണവും പുതിയതായി നടപ്പിലാക്കാൻ ഉദ്ധേശിക്കുന്നവയുടെ ആസൂത്രണവും സമയബന്ധിതമായും കാര്യക്ഷമമായും അഴിമതിരഹിതവുമായും നടപ്പിലാക്കുകയാണ് ഈ ബജറ്റ് ലക്ഷ്യം വയ്ക്കുന്നത്.

സംസ്ഥാനത്തെ എൽ. ഡി. എഫ് ഗവൺമെന്റ് മുന്നോട്ടു വയക്കുന്ന അടിസ്ഥാന സൗകര്യ വികസനം ആരോഗ്യ- വിദ്യാഭ്യാസ പാർപ്പിടം, അതിദാരിദ്ര നിർമ്മാർജ്ജനം, തൊഴിൽ സംരംഭങ്ങൾ, വിജ്ഞാന കേരളം എന്നിവയിൽ പൂർണ്ണത കൈവരിക്കുന്നതിന് ഉതകുന്ന വികസന കാഴ്ച്ചപ്പാട് പഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെ കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ആധുനിക രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കും. തൊഴിലുറപ്പിൽ കൂടുതൽ തരിശ് ഇടങ്ങളിൽ കൃഷി ചെയ്യിപ്പിച്ചുകൊണ്ട് ഉൽപ്പാദന മേഖലയിൽ വിപ്ലവകരമായ മാറ്റം ആഗ്രഹിക്കുന്നു. വിഷരഹിതമായ പച്ചക്കറി ഉൽപ്പാദനത്തിലൂടെ ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാനും ഇതുമൂലം സാധിക്കും.

തീരമേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പദ്ധതികളായ ചെത്തി ഹാർബ്ബർ, ചെത്തി ടൂറിസം, മാരാരി ബീച്ച് വികസനം പദ്ധതികൾ പൂർണ്ണതയിലേയ്ക്ക് എത്തുകയാണ്. ഇതിന്റെ പ്രയോജനം ഈ മേഖലയിൽ കണ്ടു തുടങ്ങിയിരിക്കുന്നു. കൂടുതൽ സാധ്യത പ്രയോജനപ്പെടുത്തി കൊണ്ട് ഈ വിഭാഗത്തിന് വരുമാന വർദ്ധനവിന് ആവശ്യമായ ഇടപെടൽ ഉണ്ടാകും. ഉത്തരവാദിത്വ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് മാരാരി ബീച്ച് വികസനം സാധ്യമാക്കുകയും കൂടുതൽ വിനോദസഞ്ചാരികളെ മാരാരിയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള ഇടപെടൽ ഉണ്ടാകും. മാരാരി ഫെസ്റ്റിന് മുൻവർഷങ്ങളിൽ നമ്മുടെ നാടും ജനങ്ങളും നൽകിയിട്ടുള്ള പിന്തുണ അകമഴിഞ്ഞതാണ്. അതിനാൽ തുടർന്നും മാരാരിഫെസ്റ്റ് പൂർവ്വാധികം ഭംഗിയായി സംഘടിപ്പിക്കും.

കലാ കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിന് കാറ്റാടിയിൽ വരുന്ന കളിക്കളങ്ങൾ, കണിച്ചുകുളങ്ങര സ്റ്റേഡിയം, മാരാരിക്കുളം സ്കൂളിൽ എം. എൽ. എ. ഫണ്ടിൽ നിർമ്മിക്കുന്ന കളിസ്ഥലം എന്നിവ പ്രയോജനപ്പെടുത്തുവാൻ കഴിയും വിജ്ഞാൻ ആലപ്പുഴയുടെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ യുവാക്കളിലേയ്ക്ക് എത്തിക്കുവാനും കഴിയും.

ആരോഗ്യ- വിദ്യാഭ്യാസ - മൃഗസംരക്ഷണ രംഗത്ത് കൂടുതൽ മുന്നേറുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ കൂടുതൽ ആധുനിക സംവിധാനം കൊണ്ടുവന്ന് പശ്ചാത്തല സൗകര്യവികസനം കൂടുതൽ മെച്ചപ്പെടുത്തും,

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാന പൂർത്തീകരണത്തിന് വേഗത കൂട്ടണം. വീട് ഇല്ലാത്തവർക്ക് വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഊന്നൽ നൽകും.

കാർഷിക-തീര-ടൂറിസം വികസനവും ആരോഗ്യ- വിദ്യാഭ്യാസ രംഗങ്ങളിൽ നാം നേടിയെടുത്ത ഉയർച്ചയും മുന്നോട്ടുള്ള പ്രയാണങ്ങളിൽ നമുക്ക് കൂടുതൽ കരുത്തും ഉന്മേഷവും പകരും. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പദ്ധതികൾ നമുക്ക് ഒരുമിച്ച് ഏറ്റെടുക്കാം. നവകേരളത്തിൽ പങ്കാളിയാകാം.

പരിസ്ഥിതി സൗഹൃദവും ജനക്ഷേമത്തിനുതകുന്നതുമായ പദ്ധതികൾ നടപ്പിലാക്കാൻ സഹായിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന സർക്കാരിനും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, തദ്ദേശ വകുപ്പു മന്ത്രി ശ്രീ. എം.ബി. രാജേഷ്, മറ്റു വകുപ്പ് മന്ത്രിമാരേയും ഉദ്യോഗസ്ഥന്മാരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയെയും, സെക്രട്ടറി,

അസി. സെക്രട്ടറി, അക്കൗണ്ടന്റ്, പ്ലാൻ ക്ലർക്ക് എന്നിവരോടും പ്രസിഡന്റിനോടുമുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. എല്ലാവരുടേയും സഹായവും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് **2026-27** സാമ്പത്തിക വർഷത്തെ മാരാരിക്കുളം വടക്ക് പഞ്ചായത്തിന്റെ ബജറ്റ് നിങ്ങളുടെ അംഗീകാരത്തിനും പരിഗണനയ്ക്കുമായി ഞാൻ സമർപ്പിക്കുന്നു.

## കാർഷിക മേഖല

തരിശുഭൂമിയുടെ പട്ടിക തയ്യാറാക്കി ഉടമസ്ഥരിൽ നിന്ന് ഇവ പാട്ടത്തിനെടുത്ത് കൃഷി നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ പഞ്ചായത്തിനെ തരിശുരഹിത ഗ്രാമമാക്കി മാറ്റും. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള കർഷകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും നൂതനമായ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനൊപ്പം രോഗം വന്ന തെങ്ങ് വെട്ടിമാറ്റി പുതിയ തൈ നടു ന്നതും, ജലസേചനത്തിന് പമ്പ്സെറ്റ്, പരമ്പരാഗത പ്രാദേശിക നെൽ വിത്തിനങ്ങൾ ആയ മുണ്ടകൻ, വിരിപ്പ് എന്നിവ സംരക്ഷിക്കുകയും, അവയുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുകയും ചെയ്യും. കരനെൽ കൃഷി പ്രോത്സാഹിപ്പിക്കും. ഇടവിള കൃഷി, സമഗ്ര പുരയിട കൃഷി, കൊടിയേറ്റുവാഴ കൃഷിത്തോട്ടം, ഫലവൃക്ഷത്തൈ നേഴ്സറി, ഔഷധ സസ്യ ങ്ങൾ, ഞാലിപ്പൂവൻ വാഴകൃഷി, പുഷ്പകൃഷി, ഉള്ളി കൃഷി എന്നിവയും ബജറ്റ് വിഭാവനം ചെയ്യുന്നു പച്ചക്കറി സംഭരണം വിപണനം സാധ്യമാകും

## മൃഗസംരക്ഷണവും ക്ഷീര വികസനവും

പഞ്ചായത്ത് പരിധിയിലുള്ള 4 സൊസൈറ്റികളിൽ കാലിത്തീറ്റ സബ്സിഡി, പാലിന് സബ്സിഡി എന്നീ പദ്ധതികൾ തുടരും. പാലിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന ഒരു സംരംഭം പരിഗണനയിലുണ്ട്. മൃഗപരിപാലന മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പട്ടിക തയ്യാറാക്കി അവർക്കാവശ്യമായ പിന്തുണ നൽകുന്നതിനുള്ള സംവിധാനം തുടങ്ങിയിട്ടുണ്ട്. നാടൻ പശു, കിടാരി വളർത്തൽ പ്രോത്സാഹിപ്പിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കാനും ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം ലഭ്യമാക്കൽ, വെറ്ററിനറി ലാബ് എന്നിവ മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിൽ ലക്ഷ്യമിടുന്നു. മൃഗാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സേവനം മുഴുവൻ സമയം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകും.

## തെരുവ് നായ സംരക്ഷണ പദ്ധതി

ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ പിന്തുണയോടെ **ABC** പദ്ധതി തുടർന്ന് നടത്തുന്നതിനും മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനും പദ്ധതി ഏറ്റെടുക്കും.

## മത്സ്യബന്ധന മേഖല

മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുക, മത്സ്യത്തൊഴിലാളികളുടെ വീടുകൾ വാസയോഗ്യമാക്കുക, മത്സ്യബന്ധനത്തിനാവശ്യമായ വല നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കി, അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ രൂപപ്പെടുത്തും. സുഭിക്ഷ കേരളം പദ്ധതി, ബയോ ഫ്ളോക്ക് മത്സ്യകൃഷി, വീട്ടുമുറ്റത്തെ കുളങ്ങളിലെ മത്സ്യകൃഷി ഏറ്റെടുക്കും. ഈ സംരംഭത്തി വിപണന സാദ്ധ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതിയും ഉണ്ടാകും. മത്സ്യമേഖലയിൽ കൂടുതൽ തൊഴിൽ സംരംഭങ്ങൾ കൊണ്ടുവരുന്നതിലൂടെ തീരദേശമേഖലയിലെ ജനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനു വേണ്ടി ക്ലസ്റ്റർ സെൻറർ കേന്ദ്രീകരിച്ച് മത്സ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം ചെയ്യുന്നതിനും ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കും. കിഫ്ബിയുടെ സഹായത്തോടെ നടത്തുന്ന ചെത്തി ഹാർബർ, ചെത്തി മാർക്കറ്റ്, മാരാരിക്കുളം മാർക്കറ്റ് എന്നിവയുടെ പ്രവർത്തനം ദ്രുതഗതിയിലാക്കാനുള്ള ഇടപെടൽ ഉണ്ടാകും.

## ചെറുകിട വ്യവസായം

പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യം വച്ചുകൊണ്ട്, സാദ്ധ്യമായ മനുഷ്യവിഭവങ്ങളേയും, ഇതര വിഭവ സ്രോതസ്സുകളേയും പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ഉണ്ടാകും. സൂക്ഷ്മ സംരംഭ മേഖലകളിൽ നൂതന സാങ്കേതിക വിദ്യകളുടെ സാദ്ധ്യതയും പ്രയോജനപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന പരിശീലനങ്ങളും പദ്ധതികളും ഉണ്ടാകും. വിഷരഹിത പച്ചക്കറികളുടെ ഉൽപ്പാദനവും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനവും പ്രോത്സാഹിപ്പിക്കും. ഗ്രൂപ്പ് കൃഷികളെ പ്രോത്സാഹിപ്പിക്കുകയും അവയുടെ വിപണന സാദ്ധ്യത ഉറപ്പാക്കുകയും ചെയ്യും.

## ആരോഗ്യം

കോവിഡാനന്തര കാലഘട്ടത്തിൽ ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിനും, പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ വാർഡുതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയുന്നതിനായി സ്ത്രീകളുടെ മാനസികവും, ശാരീരികവുമായ ആരോഗ്യസംരക്ഷണത്തിനുള്ള പദ്ധതികൾ ഉണ്ടാകും. മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, ഗുരുതരമായ രോഗബാധിതർ എന്നിവരുടെ സംരക്ഷണം ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ ആയുർവ്വേദ-ഹോമിയോ- അലോപ്പതി ചികിത്സാ സൗകര്യങ്ങൾക്കുള്ള പദ്ധതികൾ ഉണ്ടാകും. സമൂഹത്തെയാകെ ദോഷകരമായി

ബാധിക്കുന്ന മദ്യം, മയക്കുമരുന്ന്, തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ ആവശ്യമായ ബോധവത്ക്കരണവും ഇടപെടലുകളും ഉണ്ടാകും.

## വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ 'സ്മാർട്ട്' ആയിക്കഴിഞ്ഞു. പഠനത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും, പഠിതാക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തും. പാഠ്യവിഷയങ്ങളോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും ഊന്നൽ കൊടുത്തുകൊണ്ട് കുട്ടികളുടെ ക്രിയാത്മകവും സർഗാത്മകവുമായ കഴിവു കളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ഉണ്ടാകും.

വായനശാലകൾ പ്രവർത്തന സജ്ജമാക്കൽ, സജീവമായിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്കുള്ള പ്രോത്സാഹനം, പ്രതിഭാതീരം പദ്ധതി തുടങ്ങിയവ പരിഗണിക്കും. 'വിമുക്തി'യുടെ പ്രവർത്തനം സജീവമാക്കും. വായനശാലകൾ കേന്ദ്രീകരിച്ച് അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒരു ജാഗ്രത ടീം ഉണ്ടാകണം. അഭ്യസ്ത വിദ്യരായ യുവതി- യുവാക്കൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള കരിയർ ഗൈഡൻസ് കൊടുക്കുന്നതിനും, തുടർ സാക്ഷരതയിലൂടെ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഉണ്ടാകും. പഞ്ചായത്തിന് സ്വന്തമായ സ്പോർട്ട്സ് ടീമുകൾ രൂപീകരിക്കുന്നതിനും പദ്ധതികൾ ഉണ്ടാകും. വിജ്ഞാൻ ആലപ്പുഴ എന്ന പദ്ധതിയിലൂടെ കൈ വന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും.

## ഭരണ നിർവ്വഹണം

പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സ്ഥാപനങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കൽ, ഘടക സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തി ഹൈടെക് ആക്കുക, പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുക. പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളെ സമയബന്ധിതമായി, പരാതി ഇല്ലാതെ ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ സാങ്കേതിക വിദ്യകൾ ലഭ്യമാക്കും.

## പൊതുമരാമത്ത്

പശ്ചാത്തല മേഖലയിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും നടപ്പാതകളുടെയും തെരുവ് വിളക്കുകളുടെയും വികസനത്തിനായി ബജറ്റിൽ തുക നീക്കി വെച്ചിട്ടുണ്ട് പുതിയ ഗ്രാമീണ റോഡുകൾ സ്ഥാപിക്കുകയും, നിലവിലുള്ള സഞ്ചാര യോഗ്യമല്ലാത്ത റോഡുകൾ ബലപ്പെടുത്തുകയും ചെയ്യും. നടപ്പാതകൾ ടൈലിടുക, കലിങ്ക്, പിച്ചിംഗ്, ഘടകസ്ഥാപന ങ്ങൾ നവീകരിച്ച്

ഹൈടെക് ആക്കുക, സ്മാർട്ട് അങ്കണവാടികൾ തുടങ്ങിയവയ്ക്ക് പദ്ധതികൾ ഉണ്ടാകും. തോടുകളുടെ നവീകരണത്തിലൂടെ നീരൊഴുക്ക് സുഗമമാക്കുക, വഴിയോര വിശ്രമ കേന്ദ്രം പ്രവർത്തന സജ്ജമാക്കുക. തീരദേശമേഖലയിൽ ആയുഷ്ഹോമിയോ ആശുപത്രിക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കും.

## കുടിവെള്ളം ശുചിത്വം

എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യത്തിലേയ്ക്ക് ജലജീവൻ മിഷന്റെ ഭാഗമായി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് ഈ പ്രവർത്തനം പൂർണ്ണമാക്കണം. ബ്ലോക്ക് പഞ്ചായത്തും ശുചിത്വമിഷനുമായി സഹകരിച്ചുകൊണ്ട് ഇതര ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും മഴവെള്ളം ഒട്ടും പാഴാക്കാതെ പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഉണ്ടാകണം. ശരിയായ രീതിയിലുള്ള ജല വിനിയോഗത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തും. 2026 വർഷത്തിൽ കുടിവെള്ളത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനാകും

കൊതുക് നശീകരണ പ്രവർത്തനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കിണറുകൾ റീചാർജ്ജ് ചെയ്യൽ, പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും വെട്ടി വൃത്തിയാക്കൽ, കമ്പോസ്റ്റ് പിറ്റ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവയ്ക്ക് പദ്ധതി ഉണ്ടാകും. അനധികൃതമായി മാലിന്യം തള്ളുന്ന ഇടങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ, ബോർഡുകൾ സ്ഥാപിക്കൽ, ജനകീയ ഇടപെടലിനുള്ള സംവിധാനമൊരുക്കൽ എന്നിവ ഉണ്ടാകും. ഹരിതകർമ്മസേനയുടെ പ്രവർത്തനം സജീവമാക്കി ക്കൊണ്ട് പ്ലാസ്റ്റിക്ക് രഹിത ഗ്രാമം എന്ന ലക്ഷ്യം പൂർത്തീകരിക്കും. സ്കൂളുകളിലെ ഗ്രീൻ ക്ലബ്ബുകളുടെ പ്രവർത്തനം ശക്തമാക്കും.

## പാർപ്പിടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഭാഗമായി വരും വർഷത്തിനുള്ളിൽ ദൂരഹിത ഭവനരഹിതരായി ട്ടുള്ള എല്ലാവർക്കും വീട് നൽകാനുള്ള പദ്ധതി ഉണ്ടാകും. വാസയോഗ്യമല്ലാത്തവരുടെ വീട് പുന രുദ്ധാരണത്തിനായി പട്ടികജാതി - പട്ടിവർഗ്ഗ - ജനറൽ - മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഈ വർഷവും പദ്ധതി വിഹിതം മാറ്റി വയ്ക്കുന്നു.

## ദാരിദ്ര്യ ലഘൂകരണം

വെള്ളം, വെളിച്ചം, ഭക്ഷണം, പാർപ്പിടം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതി ലൂടെ ദാരിദ്ര്യ ലഘൂകരണ പ്രക്രിയ ഒരു പരിധിവരെ ഫലം കണ്ടു എന്നു വരാം. കൂടാതെ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള സൂക്ഷ്മ സംരംഭങ്ങളിലൂടെ, സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുകയും പ്രാദേശിക വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു പുതിയ വികസന കാഴ്ച്ചപ്പാട് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'ആശ്രയ' പദ്ധതി സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കിക്കൊണ്ട് അർഹതപ്പെട്ടവരാരും പുറത്തുനിൽക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. അതിദാരിദ്ര്യം സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ആവശ്യമായ തുടർ സേവനങ്ങൾ ലഭ്യമാക്കണം. വാതിൽപ്പടി സേവന ഗുണഭോക്താക്കളുടെ സംരക്ഷണവും ഉറപ്പാക്കണം. തീരദേശത്ത് തീരമൈത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന സൂക്ഷ്മസംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം കൊടുക്കും.

## വനിതാ വികസനം

ലിംഗ സമത്വത്തിലൂന്നിയുള്ള സുസ്ഥിര വികസന സങ്കൽപ്പമാണ് ലക്ഷ്യമിടുന്നത്. വിവേചനങ്ങളില്ലാത്ത, വേർതിരിവുകളില്ലാത്ത സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കപ്പെട്ട ഒരു സമൂഹം എന്നതാണ് വനിതാ വികസനം എന്നതിലൂടെ ലക്ഷ്യമിടുന്നത്. വനിതാ ഘടക പദ്ധതികലിലൂടെ ഈ മാറ്റത്തിന് ഒരു തുടക്കമാവും. കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയെല്ലാം സ്ത്രീകളുടെ സുരക്ഷിത ജീവിതത്തിന് കൂടുതൽ ഭീഷണിയാണെന്നതിനാൽ, അത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കേണ്ടതുണ്ട്. സ്ത്രീകളുടെ സവിശേഷമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനാവശ്യമായ ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകണം. സ്ത്രീ അവസ്ഥാ പഠനത്തിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകും.

## സാമൂഹ്യ നീതി

പൊതുജനാരോഗ്യ രംഗത്ത് നമുക്ക് അഭിമാനിക്കാവുന്ന പുരോഗതി കൈവരിക്കാനായെങ്കിലും സാമൂഹികവും നിയമപരവുമായ നിരവധി പ്രശ്നങ്ങൾ ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. ചെറിയ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഭാവി തലമുറയെ കൃത്യമായി സ്വാധീനിക്കുന്നതാണ് അതുകൊണ്ടു തന്നെ അങ്കണവാടികളെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന ഇടങ്ങളാക്കി മാറ്റേണ്ടതുണ്ട്.

ഇതിന് വേണ്ടുന്ന അടിസ്ഥാന സൗകര്യ വികസനം കൂടി ഉറപ്പു വരുത്തുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്, കൗമാര പ്രായക്കാർ തുടങ്ങിയവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുക എന്നതും പ്രധാനപ്പെട്ടതാണ്. മുതിർന്ന പൗരന്മാർ പുതിയ തലമുറയുടെ യഥാർത്ഥ വഴികാട്ടികളാണ്. ആ നിലയിൽ അവരുടെ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണവും പരിരക്ഷയും പരിഗണിക്കേണ്ടതുണ്ട്. ജീവിത പങ്കാളിയുടെ അകാലമരണത്തിൽ ഒറ്റപ്പെട്ടുപോകുന്നവർക്ക് തുടർന്നു ജീവിതത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നതും പ്രധാനമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗം

പട്ടികജാതി - പട്ടികവർഗ്ഗ മേഖലയിൽ ജീവിത സാഹചര്യത്തിലും ജീവിത നിലവാരത്തിലും ഒട്ടേറ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. തുടർന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാനുള്ള ശ്രമം തുടരേണ്ടതുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ബോധവത്ക്കരണം കൊടുക്കുകയും സൗകര്യങ്ങൾ ഉണ്ടാവുകയും വേണം. സൂക്ഷ്മ തൊഴിൽ സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനം കൊടുക്കണം. കൂടുതൽ തൊഴിൽ അവസരങ്ങളും പരിശീലനങ്ങളും നൽകാൻ കഴിയുന്ന പദ്ധതികൾ ഉണ്ടാകണം.

തൊഴിലുറപ്പ് പദ്ധതിയുടേയും, കുടുംബശ്രീ സംവിധാനത്തിന്റേയും സൗകര്യങ്ങൾ ഈ വിഭാഗത്തിനു കൂടി പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

## ഊർജ്ജം

കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും ഭീഷണിയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജത്തിന്റെ ഉപയോഗത്തിലും ഉൽപ്പാദനത്തിലും കരുതൽ ഉണ്ടാകേണ്ടതുണ്ട്. ജലത്തെ ആശ്രയിച്ചു മാത്രമല്ലാതെ മറ്റ് ഊർജ്ജ സ്രോതസ്സുകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. നിലവിലെ സാഹചര്യത്തിൽ മുഴുവൻ റോഡുകളിലും തെരുവ് വിളക്ക്, പ്രധാന കേന്ദ്രങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ്, പുതിയ ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കുക എന്നീ പദ്ധതികൾ ഏറ്റെടുക്കും

## കാലാവസ്ഥ വ്യതിയാനം

കേരളത്തെ സംബന്ധിച്ചിടത്തോളം കൃഷിയിലും അനുബന്ധ മേഖലകളിലും കാര്യമായി ഇടപെടേണ്ടി വരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ

മേഖലയിൽ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്നതും, ഉണ്ടാകാനിടയുള്ളതുമായ പ്രശ്നങ്ങളെ ഗൗരവത്തിലെടുക്കേണ്ടതുണ്ട്.

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മൂലം ഭാവിയിൽ ചൂട് കൂടുകയും മഴ കുറയുകയും ചെയ്യാം. ജലസ്രോതസ്സുകൾ വറ്റി വരളുകയും മഞ്ഞു മലകൾ ഉരുകി വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്യാം. സസ്യജാലങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാവുകയും ഭക്ഷ്യസുരക്ഷയെ ബാധിക്കുകയും ചെയ്യാം. ദ്രുതഗതിയിലുണ്ടാകുന്ന ഈ താപ വർദ്ധനവ് ഭൂമിയിലെ മൊത്തം ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയാവും. കാലം തെറ്റി വരുന്ന മഴയും അതികഠിനമായ ചൂടും മൂലം മഴപെയ്യുമ്പോൾ പ്രളയവും ബാക്കി സമയങ്ങളിൽ വരൾച്ചയും എന്ന നിലയിലേയ്ക്ക് മാറും, സംതുലിതമായ ഒരു തരം കാലാവസ്ഥ ഒരു സ്വപ്നമായിത്തീരും. പഠന റിപ്പോർട്ടിൻ പ്രകാരം തരംതിരിച്ചിട്ടുള്ള ഹോട്ട്സ്പോട്ടുകളിൽ നമ്മുടെ ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ തീരദേശ മേഖലകളുള്ള നമ്മളും സുരക്ഷിതരല്ല എന്ന തിരിച്ചറിവുണ്ടാകണം.

- ഉപയോഗ ശൂന്യമായ ഭൂപ്രദേശങ്ങൽ പുനഃസ്ഥാപിക്കാനുള്ള പദ്ധതി
- മഴവെള്ളം ശേഖരിച്ച് ഉപയോഗപ്രദമാക്കാനുള്ള പദ്ധതി
- ശാസ്ത്രീയമായ കൃഷിരീതിക്കുള്ള പദ്ധതി എന്നിവ ലക്ഷ്യമിടുന്നു.

## തീരദേശടൂറിസം

ഇന്ത്യയിലെ തന്നെ ശ്രദ്ധിയ്ക്കപ്പെടുന്ന ബീച്ചായ മാരാരി ബീച്ചിന്റെ സമഗ്രമായ സൗന്ദര്യവൽക്കരണവും അതിലൂടെ ബീച്ച് ടൂറിസം വികസനവും ഈ വർഷം ലക്ഷ്യമിടുന്നു. കൂടാതെ ലഭ്യമാകുന്ന വിഭവ സ്രോതസ്സുകളെ സമാഹരിച്ചുകൊണ്ട് മാരാരിക്കുളത്തിന്റെ ഈ സ്വപ്നപദ്ധതി സഫലീകൃതമാക്കും. അതു വഴി തീരദേശത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമിടുന്നു. ഉത്തരവാദിത്വ ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കിക്കൊണ്ട് തീരദേശത്തിന്റെ സ്ഥായിയായ വികസനത്തിന് വഴി തുറക്കാം.

# മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി



**സി.കെ. സരള**
(പ്രസിഡന്റ്)



രമ്യ സി.എച്ച്.
(വൈസ് പ്രസിഡന്റ്)



ടി.വി. ബൈജു
(വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ)



ജലജ രാജു
(ക്ഷേമകാര്യ - സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ)



വി.കെ. കലേഷ്
(ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ)



മോളി ആന്റണി
(മെമ്പർ വാർഡ് 1)



ആർ. രാജിമോൾ
(മെമ്പർ വാർഡ് 3)



എൻ. ഷൈലജ
(മെമ്പർ വാർഡ് 5)



സജിമോൻ കെ.പി.
(മെമ്പർ വാർഡ് 6)



അപ്പുക്കുട്ടൻനായർ
(മെമ്പർ വാർഡ് 8)



എസ്. ശരത്ത്
(മെമ്പർ വാർഡ് 9)



ഇന്ദിര ഉദയൻ
(മെമ്പർ വാർഡ് 11)



കവിത രാംദാസ്
(മെമ്പർ വാർഡ് 12)



എൻ.കെ. ബാബു
(മെമ്പർ വാർഡ് 13)



അജികുമാർ. ജി
(മെമ്പർ വാർഡ് 14)



ജോർജ് സി.എസ്.
(മെമ്പർ വാർഡ് 15)



അനിത ജോസി
(മെമ്പർ വാർഡ് 16)



പൊന്നപ്പൻ ഇ.ആർ.
(മെമ്പർ വാർഡ് 18)



പ്രേമൻ സി.കെ.
(മെമ്പർ വാർഡ് 19)



സുനിത ചാർളി
(മെമ്പർ വാർഡ് 20)



ഷേയ്ക് ബിജു സി.എസ്.
(പഞ്ചായത്ത് സെക്രട്ടറി)

# തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ

| | |
|---|---|
| എം. പി. | : ശ്രീ. കെ. സി. വേണുഗോപാൽ |
| എം. എൽ. എ. | : ശ്രീ. പി.പി. ചിത്തരഞ്ജൻ |
| ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | : ശ്രീ. എസ്. രാധാകൃഷ്ണൻ<br>(കഞ്ഞിക്കുഴി ഡിവിഷൻ)<br>: അഡ്വ. ആർ. റിയാസ്<br>(മാരാരിക്കുളം ഡിവിഷൻ) |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : ശ്രീ. പി.കെ. ജയകുമാർ<br>(മാരാരിക്കുളം ഡിവിഷൻ)<br>: ശ്രീമതി മിനി ആൻറണി<br>(ചേന്നവേലി ഡിവിഷൻ)<br>: ശ്രീമതി അനിജി മനോജ്<br>(കണിച്ചുകുളങ്ങര ഡിവിഷൻ) |

# മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| ശ്രീമതി. സി. കെ സരള | (പ്രസിഡൻറ്) | 9287971972 |
| ശ്രീമതി. രമ്യ സി. എച്ച്. | (വൈസ് പ്രസിഡൻറ്) | 7593986362 |
| ശ്രീ. ടി.വി. ബൈജു | (വികസനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ) | 9447134530 |
| ശ്രീമതി. ജലജ രാജു | (ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ) | 8086718026 |
| ശ്രീ. വി.കെ.കലേഷ് | (വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ) | 9747815153 |
| ശ്രീമതി. മോളി ആൻറണി | (1–ാംവാർഡ് മെമ്പർ) | 9249259084 |
| ശ്രീമതി. ആർ. രാജിമോൾ | (3–ാംവാർഡ് മെമ്പർ) | 8921557229 |
| ശ്രീമതി. എൻ. ഷൈലജ | (5 –ാം വാർഡ് മെമ്പർ) | 9288405348 |
| ശ്രീ. സജിമോൻ കെ. പി. | (6–ാം വാർഡ് മെമ്പർ) | 9645964243 |
| ശ്രീ. അപ്പുക്കുട്ടൻ നായർ എസ്. | (8–ാം വാർഡ് മെമ്പർ) | 9645084693 |
| ശ്രീ. ശരത് എസ്. | (9–ാം വാർഡ് മെമ്പർ) | 9288409920 |
| ശ്രീമതി ഇന്ദിര ഉദയൻ | (11–ാം വാർഡ് മെമ്പർ) | 9495988182 |
| ശ്രീമതി കവിത രാംദാസ് | (12–ാം വാർഡ് മെമ്പർ) | 7034303879 |
| ശ്രീ. എൻ. കെ. ബാബു | (13–ാം വാർഡ് മെമ്പർ) | 9947288357 |
| ശ്രീ. അജികുമാർ ജി | (14–ാം വാർഡ് മെമ്പർ) | 9495845359 |
| ശ്രീ. ജോർജ്ജ് സി. എസ്. | (15–ാം വാർഡ് മെമ്പർ) | 9400861869 |
| ശ്രീമതി അനിത ജോസി | (16–ാം വാർഡ് മെമ്പർ) | 9447064654 |
| ശ്രീ. പൊന്നപ്പൻ ഇ.ആർ. | (18–ാം വാർഡ് മെമ്പർ) | 9605045370 |
| ശ്രീ. പ്രേമൻ സി. കെ. | (19–ാം വാർഡ് മെമ്പർ) | 9645429509 |
| ശ്രീമതി സുനിത ചാർളി | (20–ാം വാർഡ് മെമ്പർ) | 9605716090 |

# ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| 1. ശ്രീ. ഷെയ്ക്ക് ബിജു സി. എസ്. | : | സെക്രട്ടറി |
| 2. ശ്രീമതി. സുനി ഫ്രാൻസിസ് | : | അസി. സെക്രട്ടറി |
| 3. ശ്രീമതി. റോസ്മോൾ റ്റി. കെ | : | ഹെഡ്ക്ലർക്ക് |
| 4. ശ്രീ. നിസാർ എ. | : | അക്കൗണ്ടന്റ് |
| 5. ശ്രീ. ഓസ്വാൾഡ് പി. വി. | : | സീനിയർ ക്ലർക്ക് |
| 6. ശ്രീമതി. പ്രസീത റ്റി. | : | സീനിയർ ക്ലർക്ക് |
| 7. ശ്രീമതി. എലിസ കെ ഫ്രാൻസിസ് | : | സീനിയർ ക്ലർക്ക് |
| 8. ശ്രീമതി. രശ്മി സി. | : | സീനിയർ ക്ലർക്ക് |
| 9. ശ്രീ. സജിത്ത് എം.പി. | : | ക്ലർക്ക് |
| 10. ശ്രീ. സന്ദീഷ് ആർ | : | ക്ലർക്ക് |
| 11. ശ്രീമതി. ശരണ്യ ആർ കുറുപ്പ് | : | ക്ലർക്ക് |
| 12. ശ്രീമതി. പ്രതിഭ എം. | : | ക്ലർക്ക് |
| 13. ശ്രീമതി. ബിനുമോൾ വി. ആർ. | : | ഓഫീസ് അറ്റൻറൻറ് |
| 14. ശ്രീമതി. ആശ വി. | : | ഓഫീസ് അറ്റൻറൻറ് |
| 15. ശ്രീമതി. കെ. എസ്. അൽഫോൻസ | : | പാർട്ട് ടൈം സ്വീപ്പർ |
| 16. ശ്രീമതി. ബീന ആൻറണി | : | പാർട്ട് ടൈം സ്വീപ്പർ |
| 17. ശ്രീമതി. നീതു രവീന്ദ്രൻ | : | ടെക്നിക്കൽ അസിസ്റ്റൻറ് |
| 18. ശ്രീമതി. സാന്ദ്രമോൾ ആർ. | : | പ്രൊജക്ട് അസിസ്റ്റൻറ് |
| 19. ശ്രീ. ബിനിൽ പി.യു. | : | ഡ്രൈവർ |
| 20. ശ്രീമതി. അഞ്ജു ജോസി. | : | ഹെൽത്ത് ഇൻസ്പെക്ടർ |
| 21. ശ്രീമതി. ദേവിന കുമാരി എസ്. | : | പ്രേരക് |

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ

| | |
|---|---|
| 1. ശ്രീമതി ഐശ്വര്യ ദാസ് | അക്രഡിറ്റഡ് എഞ്ചിനീയർ |
| 2. ശ്രീ. ഗിരീഷ്. എം. പി | ഓവർസിയർ |
| 3. ശ്രീ. ശ്രീജിത്ത് കെ. എ. | ഓവർസിയർ |
| 4. ശ്രീ. രഞ്ജിത്ത് കെ. സി | അക്കൗണ്ടന്റ് & ഐറ്റി അസി. |
| 5. ശ്രീമതി സൗമ്യ എൽ. | അക്കൗണ്ടന്റ് & ഐറ്റി അസി. |
| 6. ശ്രീ. പ്രവീൺ എം. | അക്കൗണ്ടന്റ് & ഐറ്റി അസി. |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| 1. ശ്രീ. ഷെയ്ക് ബിജു സി.എസ്. | സെക്രട്ടറി |
| 2. ശ്രീമതി സുനി ഫ്രാൻസിസ് | അസി. സെക്രട്ടറി |
| 3. ശ്രീമതി ജാനിഷ് റോസ് ജേക്കബ് | കൃഷി ഓഫീസർ |
| 4. ശ്രീമതി ലീന ആർ. | അസി. എഞ്ചിനീയർ എൽ.എസ്സ്.ജി.ഡി. |
| 5. ഡോ. ബിന്ദു മാത്യു | വെറ്ററിനറി സർജൻ |
| 6. ഡോ. ശ്രീദേവി എസ്. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 7. ഡോ ശാലിനി തോമസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 8. ഡോ. നമിത എസ്. | മെഡിക്കൽ ഓഫീസർ ഹോമിയോ |
| 9. ശ്രീ. തൃതീയകുമാർ എം. സിംഗാദ് | മത്സ്യഭവൻ ഓഫീസർ |
| 10. ശ്രീമതി ധന്യ എ | സൂപ്പർവൈസർ (ഐ.സി.ഡി.എസ്) |
| 11. ശ്രീ. അഹ്ലു ദേവ് വി. സി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 12. ശ്രീമതി പ്രീതി എം. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 13. ശ്രീ. ഗോകുൽ സി. എം. | ഡയറിഫാം ഇൻസ്ട്രക്ടർ |
| 14. ശ്രീമതി ബീന ടി. വി. | ഹെഡ്മിസ്ട്രസ് |

## കുടുംബശ്രീ

| | |
|---|---|
| 1. ശ്രീമതി ജെസി ജോസ്സി | സി.ഡി.എസ്. ചെയർപേഴ്സൺ |
| 2. ശ്രീമതി ജയശ്രീ രാമചന്ദ്രൻ | സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ |
| 3. ശ്രീമതി മഞ്ജു പി. പി. | അക്കൗണ്ടന്റ് |

## പഞ്ചായത്തുതല ആസൂത്രണസമിതി അംഗങ്ങൾ

| | |
|---|---|
| 1. ശ്രീമതി സി. കെ. സരള | (അദ്ധ്യക്ഷ) |
| 2. അഡ്വ. ഡി. പ്രിയേഷ് കുമാർ | (ഉപാദ്ധ്യക്ഷൻ) |
| 3. ശ്രീ. ഷെയ്ക്ക് ബിജു സി.എസ്. | (കൺവീനർ) |
| 4. ശ്രീമതി രമ്യ സി. എച്ച്. | (അംഗം) |
| 5. ശ്രീ. ടി. വി. ബൈജു | ,, |
| 6. ശ്രീമതി ജലജ രാജു | ,, |
| 7. ശ്രീ. വി. കെ. കലേഷ് | ,, |
| 8. ശ്രീ. ഹരീന്ദ്രബാബു | ,, |
| 9. ശ്രീ. പി. സി. മനോഹരൻ | ,, |
| 10. ശ്രീ. ബിപിനചന്ദ്രൻ നായർ | ,, |
| 11. ശ്രീ. പി. വി. ദിനേശൻ | ,, |
| 12. ശ്രീ. എൻ. എൻ. ഹരികുമാർ | .,, |
| 13. ശ്രീ. എം. ഡി. അനിൽകുമാർ | .,, |
| 14. ശ്രീ. സി. സി. ഷിബു | " |
| 15. ശ്രീ. എസ്. ദേവദാസ് | " |
| 16. ശ്രീ. പി. എ. പ്രദീപ് | " |
| 17. ശ്രീമതി പ്രഭാമധു | " |
| 18. ശ്രീ. സി. കെ. അശോകൻ | " |
| 19. ശ്രീമതി ജെസി ജോസ്സി | " |
| 20. ശ്രീ. എ. പി. ഇഗ്നേഷ്യസ് | " |
| 21. ശ്രീ. സി. സുമേഷ് | " |
| 22. ശ്രീ. പി. സോമരാജ് | " |
| 23. ശ്രീ. പി. ജെ. മോറിസ് | " |
| 24. ശ്രീ. എസ്. ശരത് | |

## 2026-27 വാർഷിക പദ്ധതിയ്ക്കായി ലഭ്യമാകുന്ന പ്ലാൻ ഫണ്ടും മറ്റ് ഗ്രാന്റുകളും

| ക്രമ നം. | ഫണ്ട് | തുക |
|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 3,55,91,000.00 |
| 2 | പ്രത്യേക ഘടകപദ്ധതി | 58,46,000.00 |
| 3 | പട്ടികവർഗ്ഗ ഉപപദ്ധതി | 2,86,000.00 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 89,70,670.00 |
| 5 | ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) | 59,52,000.00 |
| 6 | ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സ്കീം (ICDS) | 30,00,000.00 |
| 7 | സ്വച്ച് ഭാരത് മിഷൻ ഗ്രാമീൺ ഫണ്ട് | 25,30,000.00 |
| 8 | ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 2,25,00,000.00 |
| 9 | ശുചിത്വ മിഷൻ വിഹിതം | 12,50,000.00 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,35,00,000.00 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 1,35,00,000.00 |
| 12 | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം ഫണ്ട് | 80,95,000.00 |
| 13 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ട് | 1,63,99,000.00 |
| 14 | KURDFC വായ്പ (ലൈഫ് പദ്ധതി) | 4,50,00,000.00 |
| 15 | ഗുണഭോക്തൃ വിഹിതം | 24,00,000.00 |
| 16 | ബഡ്സ് സ്കൂൾ ഗ്രാന്റ് | 8,00,000.00 |
| | **ആകെ പദ്ധതി വിഹിതം** | **18,56,19,670.00** |

| Sl No | Particulars | Budget Amount (2026-2027) |
|---|---|---|
| 0 | Opening Balance | 16818369 |
| 1 | Own Source Revenue | 27300500 |
| 2 | General Purpose Grant | 27428000 |
| 3 | B Fund For Social Security pension | 118170000 |
| 4 | MGNREGS | 94630050 |
| 5 | Other Assigned Revenues and Grants for Annual Plan | 185619670 |
| 6 | Other Assigned Revenues and Grants | 300000 |
| 7 | Loans, Deposits and Advances | 495000 |
| 8 | Recoveries | 400000 |
| | **Total** | **471161589** |
| | | |
| 9 | Administrative and Establishment Expenses | 44610000 |
| 10 | Assets Creation and Maintenance | |
| 11 | Refund of Loans, Deposits and Advances | 250000 |
| 12 | Payment of Recoveries | 400000 |
| 13 | Operational expenditure | 212800050 |
| 14 | Annual Plan 2026-27<br><br>Grant + Own Fund | 195619670 |
| | **Total** | **453679720** |
| | | |
| | **Closing Balance** | **17481869** |

| മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് 2026-27 ബജറ്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഹെഡ് | അക്കൗണ്ട് ഹെഡ് | കഴിഞ്ഞ വർഷത്തെ ആക്ചലുകൾ | തൻവർഷ ബജറ്റ് | 2026-2027 വർഷത്തേയ്ക്കുള്ള ബജറ്റ് |
| | | **ഓപ്പണിംഗ് ബാലൻസ്** | | **3,33,12,262.00** | **1,68,18,369.00** |
| | | **റവന്യൂ വരവ് - 1** | | | |
| | | **നികുതി വരുമാനം - 110** | | | |
| 1 | 1100107 | റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | | 58,00,000.00 | 62,00,000.00 |
| 2 | 1100108 | വാസയോഗ്യമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി | | 67,00,000.00 | 73,00,000.00 |
| 3 | 1101001 | തൊഴിൽ നികുതി - ജീവനക്കാർ | | 44,00,000.00 | 45,00,000.00 |
| 4 | 1101002 | തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | | 6,00,000.00 | 6,50,000.00 |
| | | **ആകെ നികുതി വരുമാനം** | | **1,75,00,000.00** | **1,86,50,000.00** |
| | | **ഫീസും ഉപയോക്തൃ നിരക്കുകളും - 140** | | | |
| 5 | 1401001 | സ്വകാര്യ ആശുപത്രി & പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് | | 50,000.00 | 30,000.00 |

| | | | | | |
|---|---|---|---|---|---|
| 6 | 1401002 | ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീസ് | | 10,000.00 | 5,000.00 |
| 7 | 1401099 | മറ്റ് എംപാനൽമെന്റ് & രജിസ്ട്രേഷൻ ചാർജുകൾ | | 20,000.00 | 25,000.00 |
| 8 | 1401101 | IFTEOS-നുള്ള ലൈസൻസ് ഫീസ് | | 6,00,000.00 | 6,00,000.00 |
| 9 | 1401103 | PPR ACT പ്രകാരമുള്ള ലൈസൻസ് ഫീസ് | | 1,500.00 | 2,500.00 |
| 10 | 1401106 | വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | | 10,000.00 | 10,000.00 |
| 11 | 1401199 | മറ്റ് ലൈസൻസിംഗ് ഫീസ് | | 60,000.00 | 75,000.00 |
| 12 | 1401201 | കെട്ടിട നിർമ്മാണ ഫീസ് | | 12,00,000.00 | 12,00,000.00 |
| 13 | 1401202 | യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് | | 10,000.00 | 10,000.00 |
| 14 | 1401203 | പെർമിറ്റ് അപേക്ഷാ ഫീസ് | | 1,50,000.00 | 1,60,000.00 |
| 15 | 1401205 | ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | | 20,000.00 | 20,000.00 |
